# ജനനി സുരക്ഷ യോജന (JSY)

ഗർഭിണികൾക്ക് മെച്ചപ്പെട്ട ഗർഭകാല സുരക്ഷ പ്രസവകാല ശ്രുശ്രൂഷ, ആശുപത്രി പ്രസവത്തിന് പ്രചോദനം എന്നിവയ്ക്കായി ഭാരതസർക്കാർ ആവിഷ്ക്കരിച്ച പദ്ധതിയാണിത്. സർക്കാർ ആശുപത്രിയിലും, അംഗീകൃത പ്രൈവറ്റ് ആശുപത്രിയിലും പ്രസവിക്കുന്ന 19 വയസിനുമുകളിലുള്ള എല്ലാ ഗർഭിണികൾക്കും ആദ്യത്തെ രണ്ട് സജീവ പ്രസവങ്ങൾക്ക് സാമ്പത്തിക ആനുകൂല്യം ലഭിക്കുന്നതാണ്. മാതൃ മരണ നിരക്കും ശിശുമരണ നിരക്കും കുറയ്ക്കുകയും പ്രസവം ആശുപത്രിയിൽ തന്നെ ആയിരിക്കുവാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യുകയാണ് പദ്ധതിയുടെ ലക്ഷ്യം. ഗ്രാമീണ മേഖലയിൽ 700 രൂപയും നഗരപ്രദേശത്ത് 600 രൂപയുമാണ് ലഭ്യമാക്കുന്നത്. ഗ്രാമീണമേഖലയിലെ അനുകൂല്യത്തിന് JHI നൽകുന്ന ഒരു സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

സർക്കാർ ആശുപത്രിയിൽ വച്ച് നടക്കുന്ന പ്രസവങ്ങൾക്ക് അതാത് ആശുപത്രി സൂപ്രണ്ട്മാരിൽ നിന്നോ Charge MO യിൽ നിന്നോ discharge ചെയ്യുന്നതോടൊപ്പം തന്നെ ചെക്ക് ആയി പണം കൈപ്പറ്റാം. അംഗീകൃത സ്വകാര്യ ആശുപത്രിയിൽ വച്ച് നടക്കുന്ന പ്രസവങ്ങൾക്ക് സാമ്പത്തിക നില തെളിയിക്കുന്ന രേഖയും പട്ടികജാതി പട്ടികവർഗ്ഗമാണെങ്കിൽ ജാതി തെളിയിക്കുന്ന രേഖയും ഹാജരാക്കി സാമൂഹിക ആരോഗ്യ കേന്ദ്രത്തിലെ കോ-ഓർഡിനേറ്ററിൽ നിന്ന് ചെക്ക് മുഖേന പണം കൈപ്പറ്റാവുന്നതാണ്. അമ്മയും കുഞ്ഞും പദ്ധതിയുടെ ആനുകൂല്യം ലഭിച്ചവർക്കും JSY യുടെ പ്രയോജനം ലഭിക്കുന്നതാണ്.